**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2377** **13-09-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സർക്കാർ ആശുപത്രികൾക്ക് നൽകാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസ്പ്/പി.എം.ജെ.എ.വൈ എന്നീ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണ്; വിശദമാക്കാമോ; | (എ) | കാസ്പ് പദ്ധതിക്കായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ 574.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന വിഹിതത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | നാഷണൽ ഹെൽത്ത് അതോറിറ്റി പ്രീമിയം / ക്ലെയിമിന്റെ 60% അല്ലെങ്കിൽ കേന്ദ്രാവിഷ്കൃത കുടുംബങ്ങളുടെ എണ്ണം X 631.2 ഏതാണ് കുറവ് തുക അത് നൽകി വരുന്നുണ്ട്. കേരളത്തിൽ ക്ലെയിം തുക നാഷണൽ ഹെൽത്ത് അതോറിറ്റി നിശ്ചയിച്ച പരിധിയേക്കാൾ കൂടുതലായ സാഹചര്യത്തിൽ , കേന്ദ്ര വിഹിതമായി ലഭിക്കാവുന്ന പരമാവധി തുക 151,33,71,432/- രൂപയാണ്. |
| (സി) | സർക്കാർ ആശുപത്രികൾക്കും സ്വകാര്യ ആശുപത്രികൾക്കും നിലവിൽ ക്ലെയിം ഇനത്തിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും നൽകാനുള്ള കുടിശ്ശിക എത്രയാണ്; | (സി) | സർക്കാർ സ്വകാര്യ ആശുപത്രിക്കൾക്കായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും ക്ലെയിം ഇനത്തിൽ നൽകാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു<br><br>സ്വകാര്യ ആശുപത്രി - 2,08,73,03,779 രൂപ<br><br>സർക്കാർ ആശുപത്രി- 8,22,42,44,153രൂപ |
| (ഡി) | പദ്ധതിയുടെ ഭാഗമായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും ക്ലെയിം ഇനത്തിൽ വിവിധ സർക്കാർ ആശുപത്രികൾക്ക് കിട്ടാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഉത്തരം (സി) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ